കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – നഗരകാര്യം – ജീവനക്കാര്യം – തിരുവനന്തപുരം നഗരസഭയിലെ സാനിട്ടറി വർക്കർ ശ്രീമതി.സി.ചന്ദ്രികയുടെ അനധികൃത ഹാജരില്ലായ്മ ശമ്പളരഹിത അവധിയായി ക്രമവൽക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2348/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 23/9/2013

---

പരാമർശം
1. സ.ഉ(എം.എസ്) 114/72/LA&SWD തീയതി 18/04/1972
2. സർക്കാരിന്റെ 5/7/2008 ലെ 37489/ഇയു3/2008 തസ്വഭവ നമ്പർ കത്ത്
3. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 5/11/2008 ലെ എച്ച്6 ജി.എ 1/എച്ച്8/52038/ഡി1/നമ്പർ ഉത്തരവ്
4. 9/4/2010 ലെ നഗരകാര്യ ഡയറക്ടറുടെ ഇ 2-393/08 നമ്പർ കത്ത്

<u>ഉത്തരവ്</u>

തിരുവനന്തപുരം നഗരസഭയിൽ സാനിട്ടറി വർക്കർ ആയിരുന്ന ശ്രീമതി.ചന്ദ്രിക 01/04/1995 മുതൽ 18/11/2008 വരെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനെ തുടർന്ന് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുകയും തുടർന്ന് ടിയാൾ സർക്കാരിന് നൽകിയ ഹർജിയുടെ അടിസ്ഥാനത്തിൽ കണ്ടിജന്റ് ജീവനക്കാരി എന്ന പരിഗണന നൽകി പരാമർശം 2ാമതായി വായിച്ച സർക്കാർ കത്ത് പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. തുടർന്ന് പരാമർശം മൂന്നാമതായി വായിച്ച തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം ശ്രീമതി.ചന്ദ്രികയെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുള്ളതാണ്. ശ്രീമതി.സി.ചന്ദ്രിക അനധികൃതമായി സർവ്വീസിൽ ഹാജരാകാതിരുന്നിട്ടുള്ള 1/4/1995 മുതൽ 18/11/2008 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി പരിഗണിച്ച് സർവ്വീസ് ക്രമീകരിച്ച് ഉത്തരവാകണമെന്ന് പരാമർശം 4ാമതായി വായിച്ച കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിലേക്ക് ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ചന്ദ്രികയുടെ 01/04/1995 മുതൽ 18/4/2008 വരെയുള്ള ഹാജരില്ലായ്മക്കെതിരെയുള്ള അച്ചടക്ക നടപടികൾ പിൻവലിച്ച് ടിയാരിയെ ജോലിയിൽ പുനഃപ്രവേശിപ്പിക്കാൻ സർക്കാർ

നിർദ്ദേശിച്ചിരുന്നതാണെന്ന വസ്തുത കണക്കിലെടുത്ത് ടി കാലയളവിലെ അനധികൃത ഹാജരില്ലായ്മ പരാമർശം ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവ് പ്രകാരം ഗ്രാറ്റുവിറ്റി കണക്കാക്കുന്നതിനുള്ള അർഹമായ കാലയളവായി കണക്കാക്കാൻ പാടില്ല എന്ന വ്യവസ്ഥയിൽ ശമ്പളരഹിത അവധിയായി ക്രമവൽക്കരിച്ച് ഉത്തരവാകുന്നു

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
ശ്രീമതി.സി.ചന്ദ്രിക, റ്റി.സി.38/1464, പുറമ്പോക്ക് വീട്, വള്ളക്കടവ്.പി.ഒ, തിരുവനന്തപുരം (തിരുവനന്തപുരം സെക്രട്ടറി മുഖേന )
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**